LIBRARY ARCHIVES Kerala Legislative Assembly

സേഫ് ടു ഈറ്റ് പദ്ധതി പ്രകാരമുള്ള പരിശോധന

72 (8132) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും ചേർന്ന് സേഫ് ടു ഈറ്റ് പദ്ധതി പ്രകാരം നടത്തിയ പരിശോധനയിൽ 17 ഇനം പച്ചക്കറികളിൽ അപകടകരമായ തോതിൽ വിഷാംശം ഉള്ളതായി കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രശ്നത്തിൽ ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് തുടർപരിശോധന നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ തുടർ പരിശോധനയ്ക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിപണിയിൽ ലഭ്യമായ എല്ലാ ഭക്ഷ്യോൽപ്പന്നങ്ങളുടെയും പച്ചക്കറികളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പരിശോധന നടത്താറുണ്ട്. കർശന പരിശോധന തുടരുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

പാക്ക് ചെയ്ത ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന

73 (8133) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പാക്ക് ചെയ്ത ഭക്ഷ്യവസ്തുക്കളിൽ കൂടിയ അളവിൽ കീടനാശിനികൾ കലർന്നിട്ടുള്ളതായി ലാബ് പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;